# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2469** **12.06.2018-ൽ മറുപടിക്ക്**

കെ.എസ്.ഇ.ബി.യിലെ ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിൽപ്പന

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.യിലെ ഉപയോഗ ശൂന്യമായ വസ്തുക്കൾ വിൽപ്പന നടത്തിവരുന്നത് എപ്രകാരമാണ് എന്നതിന്റെ വിശദവിവരം നൽകുമോ; | (എ) | കെ.എസ്.ഇ.ബി-യിലെ ഉപയോഗശൂന്യമായ വസ്തുക്കൾ നിശ്ചിത നടപടി ക്രമങ്ങൾക്ക് വിധേയമായി മത്സരാധിഷ്ഠിത ലേലത്തിലൂടെയാണ് വിൽപ്പന നടത്തുന്നത്. ഉപയോഗശൂന്യമായ വസ്തുക്കൾ കണ്ടെത്തുക ഇവയുടെ മൂല്യ നിർണ്ണയം നടത്തുക അതിനു ശേഷം വിൽപ്പന നടത്തുക എന്നീ ചുമതലകൾ നിർവ്വഹിക്കാനായി ചീഫ് എഞ്ചിനീയർമാരുടെ ഓഫീസ്, സർക്കിൾ ഓഫീസ് തുടങ്ങി വിവിധ ഓഫീസുകൾ കേന്ദ്രീകരിച്ച് സ്ക്രാപ്പ് ഡിസ്പോസൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി രണ്ട് രീതിയിലുള്ള പൊതുലേലം നടത്തിയാണ് പാഴ്‌വസ്തുക്കളുടെ വിൽപ്പന കെ.എസ്.ഇ.ബി. നടത്തി വരുന്നത്.<br>1) ഓരോ അക്കൗണ്ട് റെന്ററിങ് യൂണിറ്റിന്റെയും മേലധികാരി നിശ്ചിത നടപടി ക്രമങ്ങൾക്ക് വിധേയമായി നടത്തുന്ന സാധാരണ രീതിയിലുള്ള ടെണ്ടർ / ലേല നടപടികൾ.<br>2) കോർപ്പറേറ്റ് ഓഫീസിൽ ചീഫ് എഞ്ചിനീയർ (എസ്. സി. എം)ന്റെ ഓഫീസ് മുഖാന്തിരം നടത്തി വരുന്ന ഇ-ഓക്ഷൻ.<br>വിപണന മൂല്യം കൂടുതലുള്ള തെരഞ്ഞെടുത്ത താഴെ പറയുന്ന വിഭാഗങ്ങളിലുള്ള പാഴ്‌വസ്തുക്കൾ സേവന ദാതാക്കളായ M/s എം.എസ്.റ്റി.സി. ലിമിറ്റഡ്, ബാംഗ്ലൂർ എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ വെബ് പോർട്ടൽ വഴി നിശ്ചിത നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിച്ച് ഇ-ഓക്ഷൻ നടത്തി വരുന്നു.<br>1. സ്ക്രാപ്പ് അലൂമിനിയം കണ്ടക്റ്ററുകൾ |

<table>
<tr><td></td><td></td><td></td><td>(എ.സി.എസ്സ്.ആർ, എ. എ. സി, എ. എ. എ. സി).<br>2. സ്ക്രാപ്പ് കോപ്പർ, കോപ്പർ കേബിളുകൾ<br>3. ഉപയോഗശൂന്യമായ കോപ്പർ വൌണ്ട് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ, കോപ്പർ വൈൻഡിങ്ങ് സ്ക്രാപ്പ്.<br>4. ഉപയോഗശൂന്യമായ അലുമിനിയം വൌണ്ട് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ, അലുമിനിയം വൈൻഡിങ്ങ് സ്ക്രാപ്പ്<br>5. സ്ക്രാപ്പ് കോപ്പർപവർ കേബിളുകൾ<br>6. സ്ക്രാപ്പ് പവർ ട്രാൻസ്ഫോർമർ.<br>7. സബ് റീജിയണൽ, സിവിൽ സ്റ്റോറുകളുമായി ബന്ധപ്പെട്ട ഇരുമ്പ് സ്ക്രാപ്പ്.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വിൽപ്പന നടത്തിയ സ്ക്രാപ്പിന് പ്രതിവർഷം എത്ര തുക വീതം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?</td><td>(ബി)</td><td>കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഇ-ഓക്ഷൻ ഉൾപ്പെടെ വില്പന നടത്തിയ സ്ക്രാപ്പിന് പ്രതിവർഷം ലഭിച്ച തുക ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>സ്ക്രാപ്പ് വിപണനത്തിലൂടെ ലഭിച്ച തുക (രൂപ)</th></tr>
<tr><td>2015-16</td><td>40.57 കോടി</td></tr>
<tr><td>2016-17</td><td>51.75 കോടി</td></tr>
<tr><td>2017-18</td><td>53.53 കോടി</td></tr>
</table></td></tr>
</table>

(signature)

സെക്ഷൻ ഓഫീസർ